No.CGL1/42000/2023/C.G.E

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാ ഭവൻ, പൂജപ്പുര
തിരുവനന്തപുരം -12
തീയതി : 06/04/2024

പ്രേഷകൻ

**ജോയിന്റ് കമ്മീഷണർ,**
പരീക്ഷാ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

**സർ,**

വിഷയം :- പൊതുവിദ്യാഭ്യാസം - പരീക്ഷാഭവൻ - എസ്.എസ്.എൽ.സി. 2024- എ ലിസ്റ്റ് - തിരുത്തൽ വരുത്തുന്നത് - സംബന്ധിച്ച്.

സൂചന :- 1. 16/10/2023 ലെ എസ്.എസ്.എൽ.സി. പരീക്ഷ വിജ്ഞാപനം.
2. 15/01/2024 -ലെ ഇതേ നമ്പർ സർക്കുലർ.

2024-ലെ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് 12/01/2024 വരെ സമയം അനുവദിച്ചിരുന്നു. തുടർന്ന് പ്രസിദ്ധീകരിച്ച പ്രൊവിഷണൽ എ, ബി ലിസ്റ്റുകൾ തിരുത്തുന്നതിന് 18/01/2024 വരെ അവസരം നൽകിയിരുന്നു. എന്നാൽ അതിനുശേഷവും 'എ' ലിസ്റ്റിൽ തിരുത്തലുകൾ വരുത്തുന്നതിനായി പ്രധാനാധ്യാപകർ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. ഫോൺ മുഖാന്തിരവും ഇത്തരം ആവശ്യം ഉന്നയിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ എ ലിസ്റ്റിൽ iExaMS പോർട്ടലിൽ തിരുത്തൽ വരുത്തുന്നതിനായി 09/04/2024 മുതൽ 16/04/2024 വരെ ഒരു അവസരം കൂടി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രധാനാധ്യാപകർക്ക് iExaMS പോർട്ടിലൂടെ ഓപ്പൺ ചെയ്തിട്ടുള്ള ഫീൽഡുകളിൽ മാത്രമേ തിരുത്തൽ വരുത്തുവാൻ കഴിയൂ. അല്ലാതെ വരുന്ന തിരുത്തലുകൾക്ക് സർട്ടിഫിക്കറ്റ് ലഭിച്ചതിന് ശേഷം നിശ്ചിത മാനദണ്ഡങ്ങൾക്കനുസരിച്ച് തിരുത്തൽ വരുത്തുന്നതിനുള്ള അപേക്ഷ സമർപ്പിക്കാവുന്ന താണ്. എ ലിസ്റ്റിൽ ഇപ്പോൾ തിരുത്തുന്നതിന് അവസരം നൽകിയിട്ടുള്ള ഇനങ്ങളിൽ പിന്നീട് തിരുത്തലുകൾക്ക് അവസരം ഉണ്ടായിരിക്കുന്നതല്ല. ഈ അവസരത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള തിരുത്തലുകൾ വരുത്താത്ത പ്രധാനാധ്യാപകർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ,

ജോയിന്റ് കമ്മീഷണർ

പകർപ്പ് :-

1. എല്ലാ പ്രധാനാധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
2. സിസ്റ്റം മാനേജർ
3. കരുതൽ ഫയൽ